(ബി) വിദേശത്ത് ജോലി ചെയ്യുന്നവർക്ക് പ്രവാസി തിരിച്ചറിയൽ കാർഡ് മുഖേന യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നുണ്ട്.

(സി) വിദേശരാജ്യങ്ങളിൽവച്ച് മരണമടയുന്ന പ്രവാസി മലയാളികളുടെ മൃതദേഹം സ്വദേശത്തേക്ക് എത്തിക്കുന്നതിനായി സ്പോൺസറോ ഇന്ത്യൻ എംബസിയോ ചെലവ് വഹിച്ചിട്ടില്ലെങ്കിൽ മരണപ്പെട്ട പ്രവാസിയുടെ നിയമാനുസൃതമുള്ള ആശ്രിതർക്ക് നോർക്ക നടപ്പാക്കുന്ന കാരുണ്യം പദ്ധതി പ്രകാരം 50,000 രൂപവരെ ധനസഹായം നൽകുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിൽ വകുപ്പിൽ ലഭ്യമാവുന്ന അപേക്ഷകളിൽ അതാത് രാജ്യങ്ങളുടെ എംബസിയുമായി ബന്ധപ്പെട്ട് പരേതരുടെ ഭൗതിക ശരീരം എത്രയും പെട്ടെന്ന് സ്വദേശത്ത് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) സാന്ത്വന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ധനസഹായം അനുവദിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നോർക്കയിൽനിന്നുള്ള ധനസഹായം

98 (1499) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്തുവച്ച് അപകടമരണം സംഭവിക്കുന്നവരുടെ കുടുംബത്തിന് നോർക്കവഴി ലഭിക്കുന്ന ധനസഹായങ്ങൾ എന്തൊക്കെയാണ്;

(ബി) ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ട രീതി വിശദമാക്കുമോ ?

ഉത്തരം

(എ) വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്ക് സാന്ത്വന പദ്ധതി പ്രകാരം നിബന്ധനകൾക്ക് വിധേയമായി മരണാനന്തര ധനസഹായമായി പരമാവധി 1 ലക്ഷം രൂപയും നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയിട്ടുള്ള പ്രവാസി തിരിച്ചറിയൽ കാർഡ് നേടിയിട്ടുണ്ടെങ്കിൽ അപകട ഇൻഷുറൻസ് കവറേജായി 2,00,000 രൂപയും കുടുംബത്തിന്/ആശ്രിതർക്ക് നൽകിവരുന്നുണ്ട്. കൂടാതെ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികദേഹം നാട്ടിലെത്തിക്കുന്നതിനായി സ്പോൺസറോ ഇന്ത്യൻ എംബസിയോ ചെലവ് വഹിച്ചിട്ടുണ്ടെങ്കിൽ 'കാരുണ്യം' പദ്ധതി പ്രകാരം നിബന്ധനകൾക്ക വിധേയമായി 50,000 രൂപയും നൽകിവരുന്നുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാന്ത്വന/കാരുണ്യം ധനസഹായത്തിനായി നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന രേഖകൾ സഹിതം നോർക്ക-റൂട്ട്സ് റീജിയണൽ ഓഫീസുകളിലോ ജില്ലാ സെല്ലുകളിലോ നോർക്കയുടെ സാറ്റലൈറ്റ് ഓഫീസുകളിലോ ഹെഡ് ഓഫീസിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- പാസ്പോർട്ട്
- മരണ സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- റേഷൻ കാർഡ്
- അപേക്ഷകരുടെ തിരിച്ചറിയൽ കാർഡ്
- അവകാശ സർട്ടിഫിക്കറ്റ്

മേൽ പരാമർശിച്ച രേഖകൾക്ക് പുറമേ കാരുണ്യം പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി താഴെപ്പറയുന്ന രേഖകൾകൂടി സമർപ്പിക്കേണ്ടതാണ്:

- മൃതദേഹം കൊണ്ടുവരുന്നതിനുള്ള യാത്രാചെലവ് സംബന്ധിച്ച രേഖകൾ.
- പ്രസ്തുത ചെലവ് കുടുംബാംഗങ്ങൾതന്നെ വഹിച്ചുവെന്ന് തെളിയിക്കുന്ന രേഖകൾ

ഇൻഷുറൻസ് ക്ലെയിമിനായി താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്:

- ക്ലെയിം ഫോറം
- പ്രാഥമിക അന്വേഷണ റിപ്പോർട്ട്
- പോസ്റ്റ്മോർട്ടം റിപ്പോർട്ട്
- പാസ്പോർട്ട്
- മരണ സർട്ടിഫിക്കറ്റ്
- പ്രവാസി തിരിച്ചറിയൽ കാർഡ്
- അവകാശ സർട്ടിഫിക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly